നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ രണ്ടാംഘട്ട പട്ടയ വിതരണം കൂടി നടത്തി കഴിഞ്ഞപ്പോൾ ആകെ 43437 പേർക്ക് ഈ പദ്ധതി പ്രകാരം പട്ടയം അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും രണ്ടാംഘട്ടത്തിൽ പട്ടയം നൽകിക്കഴിഞ്ഞു. മറ്റ് ജില്ലകളിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി പട്ടയ വിതരണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയായിട്ടുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി 3 സെന്റ് ഭൂമി വീതം പതിച്ചുകൊടുത്തുകൊണ്ട് ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെല്ലുകൾ മുഖേന പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്.

**ഭൂകമ്പമാപിനികൾ**

173(1240) ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂകമ്പങ്ങൾ നിരീക്ഷിക്കുന്നതിന് ഭൂകമ്പമാപിനികളുടെ ശൃംഖല സ്ഥാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) കേരളത്തിലെ ഭൗമാന്തർ ഭാഗത്ത് നടക്കുന്ന വിവിധ ചലനങ്ങളുടെയും പ്രതിപ്രവർത്തനങ്ങളുടെയും വിവര ശേഖരണവും ഭൂകമ്പങ്ങളുടെ പ്രഭവ സ്ഥാനവും തീവ്രതയും കൃത്യതയോടുകൂടി അളക്കുകയും ഭ്രംശപാളികളിൽ ഉണ്ടാകുന്ന മാറ്റങ്ങളെ തിരിച്ചറിയുകയും കേരളത്തിലെ വലിയ അണക്കെട്ടായ ഇടുക്കി അണക്കെട്ടിൽ ഭൂകമ്പങ്ങളാൽ ഉണ്ടാകുന്ന ചലനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. തിരുവനന്തപുരത്തെ അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിൽ (എസ്.ഇ.ഒ.സി.) നിരന്തരം വിവരം ലഭിക്കത്തക്കവിധമാണ് ഇവ സജ്ജീകരിച്ചിരിക്കുന്നത്. നിലവിൽ ഇടുക്കി അണക്കെട്ട്, ആലടി, കുളമാവ്, ചോറ്റുപാറ, മീൻകുട്ട്, വള്ളക്കടവ് എന്നീ സ്ഥലങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 3.9 കോടി രൂപ ചെലവാക്കിയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വൈദ്യുതി ബോർഡുമായി ചേർന്ന് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. കൂടാതെ ഒരു ഭൂകമ്പമാപിനി കൂടി വാങ്ങുവാനും നിലവിലുള്ളവ പരിപാലിക്കുവാനും സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിലെ രണ്ട് ഭൗമശാസ്ത്ര ഗവേഷകരെ പ്രസ്തുത മേഖലയിൽ പ്രാവീണ്യം ഉള്ളവരാക്കുവാൻ ദേശീയ തലത്തിലുള്ള പരിശീലനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

## റീ-സർവ്വേ

174(1241) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വേ പൂർത്തീകരിക്കാത്ത എത്ര വില്ലേജുകളാണുള്ളത്;

(ബി) 1970 കാലഘട്ടത്തിൽ ആരംഭിച്ച റീ-സർവ്വേ നടപടി ഇതുവരെയും പൂർത്തീകരിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണ്;

(സി) റീ-സർവ്വേ നടക്കാത്തതുകൊണ്ട് സാധാരണക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റീ-സർവ്വേ സംസ്ഥാനത്താകെ സമയബന്ധിതമായി പൂർത്തികരിക്കാനും സർവ്വേ റിക്കാർഡുകൾ റവന്യൂവകുപ്പിനു കൈമാറുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 786 വില്ലേജുകൾ.

(ബി) ജി.ഒ.(എംഎസ്സ്.) 781/65/ആർ.ഡി ഉത്തരവ് പ്രകാരമാണ് റീ-സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1988 കാലഘട്ടത്തിനുള്ളിൽ 500-ൽപരം വില്ലേജുകളുടെ റീ-സർവ്വേ നടപടികൾ അവസാന ഘട്ടത്തിൽ എത്തുകയും 13 വില്ലേജുകളുടെ റീ-സർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുകയും ചെയ്തു. എന്നാൽ റീസർവ്വേ റിക്കാർഡുകൾ നിയോഗിച്ചിരുന്ന സർവ്വേ ജീവനക്കാരെ വിവിധ സമയങ്ങളിൽ സർക്കാരിന്റെ നയപരമായ മറ്റ് സർവ്വേ ജോലികൾക്ക് നിയോഗിക്കേണ്ടിവന്നതിനാൽ സമയബന്ധിതമായി റീ-സർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാൻ കഴിയാതെവന്നു. 1994 കാലയളവിൽ അഞ്ഞൂറോളം വില്ലേജുകളുടെ റീ-സർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറി. ടി വില്ലേജുകളിൽ റീ-സർവ്വേ സംബന്ധിച്ച് ധാരാളം പരാതികൾ ഉണ്ടാവുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly